LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ കന്നട-എൽ.ഡി. ക്ലാർക്ക്മാരുടെ ഒഴിവുകൾ

12 [3063] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ വകുപ്പുകളിലായി കന്നട പരിജ്ഞാനം വേണ്ട എൽ.ഡി.ക്ലാർക്കുമാരുടെ എത്ര ഒഴിവുകളാണ് 2003 മേയ് വരെ നിലവിലുണ്ടായിരുന്നതെന്നും, ഈ ഒഴിവുകൾ നികത്തുന്നതിന് 29-9-2003-ലെ 17733/എസ്.ഡി2/2003/ജിഎഡി നമ്പർ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം ഏതൊക്കെ വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സർക്കാർ നിർദ്ദേശം നടപ്പിലാക്കാത്ത വകുപ്പുകൾ ഏതൊക്കെയാണെന്നും, എന്തുകൊണ്ടാണ് പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാത്തതെന്നും അറിയിക്കാമോ;

(സി) ഇപ്പോൾ ഈ വിഭാഗത്തിൽപ്പെട്ട എത്ര ഒഴിവുകൾ ഏതൊക്കെ വകുപ്പുകളിലായി നിലവിലുണ്ടെന്നും അവ നികത്തുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) 23 വകുപ്പുകളിലായി 53 കന്നഡഭാഷാ പരിജ്ഞാനം വേണ്ട എൽ.ഡി. ക്ലാർക്ക്മാരുടെ തസ്തികകളാണ് നീക്കിവച്ചിരിക്കുന്നത്. 23 വകുപ്പുകളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട് †. ഇതിൽ അനുബന്ധം ഒന്നിലെ 15 മുതൽ 23 വരെയുള്ള വകുപ്പുകളിലെ 12 തസ്തികകൾ നികത്തിയിട്ടുണ്ട്. വാണിജ്യനികുതി വകുപ്പിൽ മൂന്ന് തസ്തികകളിൽ രണ്ട് എണ്ണം ഇനിയും നികത്താനുണ്ട്.

(ബി ആന്റ് സി) അനുബന്ധം ഒന്നിലെ 1 മുതൽ 14 വരെയുള്ള വകുപ്പുകളിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. നിർദ്ദേശം നടപ്പിലാക്കാത്തതിന്റെ കാരണവും നിലവിലുള്ള ഒഴിവുകളും അവ നികത്തുന്നതിന് സ്വീകരിച്ച നടപടിയും ബന്ധപ്പെട്ട വകുപ്പുകളിൽനിന്നു ശേഖരിച്ച് നൽകുന്നതാണ്.

പി.എസ്.സി.റാങ്ക് ലിസ്റ്റിന് മിനിമം മാർക്ക്

13 [3064] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ മൂന്നാംഗ്രേഡ് മുനിസിപ്പൽ സെക്രട്ടറി തസ്തികയിലേക്ക് നിയമനത്തിനായി പി.എസ്.സി പ്രസിദ്ധീകരിച്ച ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുന്നതിന് മിനിമം മാർക്ക് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിവരം പി.എസ്.സി.-യുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) ഉദ്യോഗാർത്ഥികളുടെ മാർക്ക് റീ-ചെക്ക് ചെയ്യുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

---

† അനുബന്ധം V കാണുക